29 നവംബർ 2018

പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 024

മുഖ്യമന്ത്രി പിണറായി വിജയൻ കുടുംബശ്രീ മഹിളാ മാൾ ഉദ്ഘാടനം ചെയ്തു

വെൺകരുത്തിന്റെ കൈയ്യൊപ്പ് എന്ന മുദ്രാവാക്യവുമായി കുടുംബശ്രീ ആരംഭിച്ച മഹിളാ മാളിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കോഴിക്കോട് നഗരത്തിൽ ബാങ്ക് റോഡിൽ ഫാത്തിമാ ഹോസ്പിറ്റലിന്റെ എതിർവശത്തായി 36000 ചതുരശ്ര അടിയിലുള്ള ആറ് നില കെട്ടിടത്തിലാണ് മാൾ പ്രവർത്തിക്കുന്നത്. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ ഉൾപ്പെടെ വനിതാ സംരംഭകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിനുള്ള വിപണന സ്റ്റോറുകളാണ് മാളിലുള്ളത്. ഭരണ നിർവ്വഹണം തുടങ്ങി സുരക്ഷ വരെ ഈ മാളിലെ പ്രവർത്തനങ്ങളെല്ലാം നിയന്ത്രിക്കുന്നതും വനിതകളാണ്.

കൂട്ടായ്മയിലൂടെ തൊഴിൽപരമായ ഏത് വെല്ലുവിളിയും ഏറ്റെടുക്കാൻ വനിതകൾക്ക് കഴിയുമെന്നതിന്റെ തെളിവാണ് കോഴിക്കോട് യാഥാർത്ഥ്യമായ മഹിളാ മാളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ചെറിയ തോതിൽ നിന്ന് വരുമാനം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ നിന്ന് വലിയ സംരംഭങ്ങളിലേക്ക് സ്ത്രീകൾ മാറിക്കഴിഞ്ഞുവെന്നും, സ്ത്രീ ശാക്തീകരണത്തിന് വേറിട്ട മാതൃകയാണ് കുടുംബശ്രീ കാഴ്ചവയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് കോർപ്പറേഷൻ കുടുംബശ്രീ സിഡിഎസിന് കീഴിൽ രജിസ്ട്രർ ചെയ്തിരിക്കുന്ന യൂണിറ്റി സംരംഭക സംഘത്തിന്റേതാണ് മഹിളാ മാൾ.

കുടുംബശ്രീ അംഗങ്ങൾ ഉത്പാദിപ്പിക്കുന്ന ചെറുകിട ഉത്പന്നങ്ങളുടെ വിപണനത്തിനായി മൈക്രോ ബസാറും വനിതാ വികസന കോർപ്പറേഷൻ ബാങ്ക്, കുടുംബശ്രീ കൗൺസിലിങ് സെന്റർ തുടങ്ങിയവയും മാളിലുണ്ട്. രാവിലെ പത്ത് മുതൽ രാത്രി പത്ത് വരെ പ്രവർത്തിക്കുന്ന മാളിൽ കുടുംബശ്രീ കഫേ റെസ്റ്റോറന്റുമുണ്ട്. റൂഫ് ടോപ്പ് റെസ്റ്റോറന്റും പ്ലേ സോണും ഉടൻ പ്രവർത്തനം ആരംഭിക്കും.

നവംബർ 24ന് നടന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ മൈക്രോ ബസാറിന്റെ

യും തൊഴിൽ വകുപ്പ് മന്ത്രി ടി.പി. രാമകൃഷ്ണൻ കഫേയുടെയും ഉദ്ഘാടനം നിർവ്വഹിച്ചു. ചോക്ലേറ്റ് കേക്ക് നിർമ്മാണ യൂണിറ്റിന്റെ ഉദ്ഘാടനം ഗതാഗത മന്ത്രി എ.കെ. ശശീന്ദ്രനും ഫാമിലി കൗൺസിലിങ് സെന്ററിന്റെ ഉദ്ഘാടനം ആരോഗ്യ മന്ത്രി കെ.കെ. ഷൈലജയും നിർവ്വഹിച്ചു. മാളിലുള്ള കുടുംബശ്രീ ട്രെയ്നിങ് സെന്ററർ തുറമുഖ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തപ്പോൾ, ചലച്ചിത്ര താരം സുരഭി ലക്ഷ്മി വെബ്സൈറ്റ് ലോഞ്ച് ചെയ്തു.

കുടുംബശ്രീയെ അടുത്തറിഞ്ഞ് ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള ഉന്നതതല സംഘം

ഗ്രാമീണ മേഖലയിലെ വനിതകളുടെ സംരംഭകത്വ വികസനം' എന്ന വിഷയത്തെ ആസ്പദമാക്കി ഏഷ്യയിലെയും ആഫ്രിക്കയിലെയും എട്ടു രാജ്യങ്ങളിൽ നിന്നുള്ള 26 അംഗ വിദേശ പ്രതിനിധികൾക്കായി കുടുംബശ്രീയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ്- മാനേജും സംയുക്തമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഫീഡ് ദി ഫ്യൂച്ചർ- അന്താരാഷ്ട്ര പരിശീലന പരിപാടി സമാപിച്ചു. സമാപന സമ്മേളനം ധനവകുപ്പ് മന്ത്രി ഡോ. തോമസ് ഐസക് ഉദ്ഘാടനം ചെയ്തു. സ്ത്രീശാക്തീകരണ ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങൾക്ക് ലോകത്തിനു തന്നെ മാതൃകയാണ് കുടുംബശ്രീയെന്നും ഫീഡ് ദി ഫ്യൂച്ചർ പോലെ അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന പരിപാടികൾ വിദേശരാജ്യങ്ങളിലും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ വേരുറപ്പിക്കാൻ സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

പരിശീലനത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ രാജ്യങ്ങളിൽ ദാരിദ്ര്യനിർമാർജനവും സ്ത്രീശാക്തീകരണവും കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി 2020 നുള്ളിൽ അവിടുത്തെ 1400 കാർഷിക വിദഗ്ധർക്ക് പരിശീലനം നൽകുക എന്നതിന്റെ ഭാഗമായാണ് അന്താരാഷ്ട്ര പരിശീലന പരിപാടി സംഘടിപ്പിച്ചത്. യുഎസ്എയ്ഡും കേന്ദ്ര ഗവൺമെന്റും ചേർന്ന് രൂപീകരിച്ചതാണ് പരിശീലന പദ്ധതി.

തങ്ങളുടെ രാജ്യത്തും കുടുംബശ്രീ മാതൃകയിൽ കാർഷിക സൂക്ഷ്മസംരംഭ മേഖലയിലെ പ്രവർത്തനങ്ങൾ ഊർജിതമാക്കുമെന്ന് രണ്ടാഴ്ച നീണ്ട അന്താരാഷ്ട്ര പരിശീലന പരിപാടിക്കൊടുവിൽ ഇതിൽ പങ്കെടുത്ത വിദേശ പഠന സംഘം പറഞ്ഞു. കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ താഴെത്തട്ടിലുള്ള സ്ത്രീകൾക്ക് കൈവന്ന സാമൂഹ്യ സാമ്പത്തിക പുരോഗതി അഭിനന്ദനീയവും അതിശയകരവുമാണെന്നും കുടുംബശ്രീക്കു സമാനമായ സാമൂഹ്യ സംഘടനാധിഷ്ഠിത സംവിധാനം തങ്ങളുടെ രാജ്യത്തും തുടങ്ങുമെന്നും പഠന സംഘം വ്യക്തമാക്കി. ഇക്കാര്യങ്ങളിൽ നയപരമായ തീരുമാനങ്ങൾ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി തങ്ങളുടെ രാജ്യത്തു നിന്നും ബന്ധപ്പെട്ട അധികാരികളെ ഇവിടേക്ക് കൊണ്ടുവരുമെന്നും പ്രതിനിധി സംഘം പറഞ്ഞു.

പരിശീലന പരിപാടിയിൽ പങ്കെടുത്ത വിദേശ പഠന സംഘം സ്വന്തം രാജ്യത്ത് ഇതേ മാതൃകയിൽ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ വിശദമായ രൂപരേഖ തയ്യാറാക്കി കുടുംബശ്രീക്ക് സമർപ്പിച്ചിട്ടുണ്ട്. അടുത്ത ആറുമാസത്തിനുള്ളിൽ കുടുംബശ്രീ പദ്ധതി മാതൃകകൾ അവിടങ്ങളിലും നടപ്പാക്കുകയാണ് ലക്ഷ്യം. ഇതുമായി

ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗനിർദേശങ്ങൾ കുടുംബശ്രീയിൽ നിന്നും സ്വീകരിക്കുമെന്ന് പഠന സംഘം അറിയിച്ചു.

ഈ മാസം ആറിനാണ് കമ്പോഡിയ, കെനിയ, ലൈബീരിയ, മലാവി, മംഗോളിയ, മ്യാൻമർ, നേപ്പാൾ, ഉഗാണ്ട തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള ഉന്നതതല ഉദ്യോഗസ്ഥർക്ക് രണ്ടാഴ്ച ദൈർഘ്യമുള്ള പരിശീലന പരിപാടി ആരംഭിച്ചത്. കാർഷിക-സൂക്ഷ്മസംരംഭ മേഖലയിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്ന വിവിധ വരുമാനദായക സംരംഭങ്ങൾ, സേവന മേഖലയിൽ നടപ്പാക്കുന്ന നൂതന പദ്ധതികൾ, മാർക്കറ്റിങ്ങ്, തൊഴിലും നൈപുണ്യ പരിശീലനവും, കുടുംബശ്രീയുടെ സംരംഭകത്വ പിന്തുണാ സംവിധാനങ്ങൾ, ബിസിനസ് പ്ലാൻ സപ്പോർട്ട് എൻവയോൺമെന്റ്, സാമൂഹ്യ സുരക്ഷാ പദ്ധതികളായ ആശ്രയ, ബഡ്സ്, സ്ത്രീപദവി സ്വയംപഠന പ്രക്രിയ, വൾണറബിലിറ്റി മാപ്പിങ്ങ്, എന്നിവയെ സംബന്ധിച്ച് അതത് മേഖലയിലെ വിദഗ്ധരുടെ മേൽനോട്ടത്തിൽ ക്ലാസുകൾ സംഘടിപ്പിച്ചു.

പരിശീലന പരിപാടിയുടെ ഭാഗമായി ജില്ലയിലെ കുരിയോട്ടുമല, പള്ളിക്കൽ, കരകുളം എന്നിവിടങ്ങളിൽ ഫീൽഡ്തല സന്ദർശനവും സംഘടിപ്പിച്ചിരുന്നു. അയൽക്കൂട്ട വനിതകളുടെ സംഘക്കൃഷി, സൂക്ഷ്മസംരംഭങ്ങൾ, മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമാണവും വിതരണ സമ്പ്രദായങ്ങളും, അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ എന്നിവ പഠനസംഘം നേരിൽ കണ്ടു മനസിലാക്കി. മികച്ച കാർഷിക സംരംഭങ്ങൾ രൂപവൽക്കരിച്ച് ശ്രദ്ധേയമായ വിജയം കൈവരിച്ച അയൽക്കൂട്ട വനിതകളുമായി സംവദിക്കുകയും അയൽക്കൂട്ടങ്ങളിലെ പ്രധാന പ്രവർത്തനങ്ങൾ കണ്ടറിയുകയും ചെയ്തു. കൂടാതെ തദ്ദേശ സ്ഥാപനങ്ങളും കുടുംബശ്രീയും തമ്മിലുള്ള സംയോജിത പ്രവർത്തനങ്ങൾ അവയുടെ നിർവഹണരീതി എന്നിവയും മനസിലാക്കി.

സാമ്പത്തിക-സാമൂഹ്യ പുരോഗതി കൈവരിക്കുന്നതിന് സഹായിക്കുന്നതിലൂടെ സ്ത്രീശാക്തീകരണവും ദാരിദ്ര്യ നിർമാർജനവും നേടുന്നതിന് അവസരമൊരുക്കുന്ന കുടുംബശ്രീയുടെ ബഹുമുഖ സമീപനം പരിഗണിച്ചാണ് ഫീഡ് ദി ഫ്യൂച്ചർ ഇന്ത്യ'-അന്താരാഷ്ട്ര പരിശീലന പരിപാടിയുടെ മുഖ്യപങ്കാളിയായി കുടുംബശ്രീയെ തിരഞ്ഞെടുത്തിട്ടുള്ളത്. ഇതു പ്രകാരം കേന്ദ്ര കാർഷിക- കർഷക ക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള സ്വയം ഭരണാധികാര സംഘടനയായ 'മാനേജും' കുടുംബശ്രീയുമായി ചേർന്ന് സംഘടിപ്പിക്കുന്ന നാലാമത്തെ അന്താരാഷ്ട്ര പരിശീലന പരിപാടിയാണ് ഇപ്പോൾ പൂർത്തിയായത്. ഇന്ത്യയിലെ തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഈ പരിശീലന പരിപാടി സംഘടിപ്പിക്കുന്നുണ്ട്.

കഴിഞ്ഞ വർഷം തൃശൂർ ജില്ലയിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള 28 അംഗ സംഘത്തിന് കുടുംബശ്രീ പരിശീലനം നൽകിയിരുന്നു. ഇതേ തുടർന്ന് ഉഗാണ്ടയിൽ കുടുംബശ്രീ മാതൃക പ്രാവർത്തികമാക്കുന്നതിന്റെ മുന്നോടിയായി കുടുംബശ്രീക്ക് അവിടേക്ക് ക്ഷണം ലഭിക്കുകയും കുടുംബശ്രീയിൽ നിന്നുമുള്ള പ്രതിനിധികൾ അവിടുത്തെ ഉന്നതതല ഉദ്യോഗസ്ഥർക്കും ഗ്രാമീണ വനിതകൾക്കും പരിശീലനം നൽകുകയും ചെയ്തിരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നുള്ള നൂറിലധികം പ്രതിനിധികൾ ഇതിനകം കുടുംബശ്രീ സന്ദർശിച്ചിട്ടുണ്ട്. ഉഗാണ്ടയിൽ കുടുംബശ്രീ മാതൃകയിൽ നടപ്പാക്കിവരുന്ന സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിന്റെയും ഭാഗമായി കുടുംബശ്രീക്ക് വീണ്ടും ഉഗാണ്ടയിലേക്ക് ക്ഷണം ലഭിച്ചിട്ടുണ്ട്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോറിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് കോർഡിനേറ്റർ ഡോ. രാഹുൽ. കെ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ ബിപിൻ ജോസ്, അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ അരുൺ.പി. രാജൻ, നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ തീമാറ്റിക് ആങ്കർ ആഷിത മോഹൻദാസ്, യംഗ് പ്രഫഷണൽസ് അനുപാ ശർമ, അനുഷാ സിങ്, ഫീഡ് ദി ഫ്യൂച്ചർ പ്രോജക്ട് എക്സിക്യൂട്ടീവ് ചിന്നു ജോസഫ് എന്നിവർക്കായിരുന്നു പരിശീലന പരിപാടിയുടെ ചുമതല. സമാപന സമ്മേളനത്തിൽ യുഎസ്എയ്ഡ് ഡെവലപ്മെന്റ് അസിസ്റ്റന്റ് സ്പെഷ്യലിസ്റ്റ് വംശീദർ റെഡ്ഡി, മാനേജ്-ഡയറക്ടർ ഓഫ് അഗ്രികൾച്ചർ മഹന്ദീഷ് തിരൂർ എന്നിവർ പങ്കെടുത്തു. വിദേശ പഠന സംഘം 21ന് വൈകിട്ട് മടങ്ങി.

പ്രളയക്കെടുതിയെ നേരിടാൻ മാതൃകാ പ്രവർത്തനങ്ങൾ:

അയൽക്കൂട്ട വനിതകൾക്ക് മുഖ്യമന്ത്രിയുടെ അഭിനന്ദനം

കേരളം നേരിട്ട അതിരൂക്ഷമായ പ്രളയക്കെടുതിയിൽ രക്ഷാപ്രവർത്തനങ്ങൾക്കും പുനരധിവാസ, അതിജീവന പ്രവർത്തനങ്ങൾക്കും ഏറ്റവും മികച്ച രീതിയിൽ പിന്തുണ നൽകിയ കുടുംബശ്രീ അയൽക്കൂട്ട സഹോദരിമാർക്ക് മുഖ്യമന്ത്രിയുടെ അഭിനന്ദനം. പ്രളയത്തിന്റെ ആദ്യദിനങ്ങളിലും തുടർന്നും കുടുംബശ്രീ സംഘടനാ സംവിധാനമൊന്നാകെ കേരളത്തിന്റെ പുന: സൃഷ്ടിക്കായി കൈകോർത്തുകൊണ്ട് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചതിനാണ് അഭിനന്ദനങ്ങൾ അറിയിച്ച് മുഖ്യമന്ത്രിയുടെ കത്ത്.

ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പുനരധിവാസ പ്രവർത്തനങ്ങളിലും കുടുംബശ്രീ പ്രവർത്തകരുടെ പങ്കാളിത്തവും പിന്തുണയും മാതൃകാപരമായിരുന്നുവെന്ന് മുഖ്യമന്ത്രി അറിയിച്ചു. നാലു ലക്ഷത്തിലധികം മനുഷ്യദിനങ്ങളാണ് ശുചീകരണത്തിനായി കുടുംബശ്രീ പ്രവർത്തകർ വിനിയോഗിച്ചത്. ദുരിതത്തിനിരയായ 38,698 കുടുംബങ്ങളെ കുടുംബശ്രീ പ്രവർത്തകർ സ്വന്തം വീടുകളിൽ സംരക്ഷിച്ചു. ദുരിതബാധിതർക്ക് കൗൺസിലിംഗ് നൽകുന്നതിനും ക്യാമ്പുകളിൽ ധാന്യ കിറ്റുകൾ പായ്ക്ക് ചെയ്യുന്നതിലുമെല്ലാം കുടുംബശ്രീ പ്രവർത്തകർ മുൻനിരയിലുണ്ടായിരുന്നു. കേരളത്തിന്റെ പുനർ നിർമാണത്തിലും കുടുംബശ്രീ നല്ല നിലയിലാണ് സഹകരിച്ചത്. തങ്ങളുടെ ആഴ്ച സമ്പാദ്യത്തിൽ നിന്നും 11.18 കോടി രൂപയാണ് കേരളത്തിന്റെ പുന:നിർമാണത്തിനായി കുടുംബശ്രീ അംഗങ്ങൾ സംഭാവനയായി നൽകിയത്. കുടാതെ നവകേരള ലോട്ടറി



പിണറായി വിജയൻ
മുഖ്യമന്ത്രി

കേരള സർക്കാർ

സന്ദേശം

വിൽപ്പനയിലൂടെ 9.31 കോടി രൂപയും കുടുംബശ്രീ നേടിത്തന്നു. മനുഷ്യ സ്നേഹത്തിന്റെ ഉദാത്ത മാതൃകയാണിത്.

പ്രളയ നാളുകളിൽ സ്വയം സമർപ്പിതമായി നാടിനു വേണ്ടി പ്രവർത്തിച്ച കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളെയും അതിന് നേതൃത്വം കൊടുത്ത സി.ഡി.എസ് ഭാരവാഹികളെയും മുഖ്യമന്ത്രി ഹൃദയപൂർവം അഭിനന്ദിച്ചു. കേരള പുന:നിർമാണ പ്രവർത്തനങ്ങളിൽ ഓരോ കുടുംബശ്രീ അംഗത്തിന്റെയും പങ്കാളിത്തവും പിന്തുണയും ഉണ്ടാകണമെന്നും മുഖ്യമന്ത്രി കത്തിൽ സ്നേഹപൂർവം അഭ്യർത്ഥിച്ചു.

പദ്ധതി പ്രവർത്തന പുരോഗതി: പാലക്കാട് ജില്ല

അഗതിരഹിത കേരളം പദ്ധതിയുടെ പാലക്കാട് ജില്ലയിലെ പുരോഗതിയെക്കുറിച്ചാണ് ഈ ലക്കം. ജില്ലയിൽ 38955 കുടുംബങ്ങളുടെ മൊബൈൽ സർവ്വേ പൂർത്തിയാക്കി. ഇതിൽ 21236 കുടുംബങ്ങളെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ കുടുംബങ്ങളായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 43530 പേർ ഗുണഭോക്താക്കളാകും. എസ്ടി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് ഇതിൽ 1366 പേർ. 2586 കുട്ടികളും ഇതിൽ ഉൾപ്പെടും. 95 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ജില്ലയിലുള്ളത്.

പ്രവർത്തന പുരോഗതി	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം
അപ്പീൽ പുന: പരിശോധന കഴിഞ്ഞവ	93
പ്രത്യേക ഗ്രാമസഭ കഴിഞ്ഞവ	80
ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ	43
ആരോഗ്യ ക്യാമ്പ് നടത്തിയവ	77
പ്രോജക്ടുകൾ തയ്യാറാക്കിയവ	16

അടുത്തലക്കം: മലപ്പുറം ജില്ലയുടെ പുരോഗതി

കൂടുതൽ വിവരങ്ങൾക്ക് : **dfk.ksm@gmail.com**

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P.
Associate Editors: Chaithanya. G, Manjary Asok, Asha S. Panicker. Design: Arun S, Publicity: Sreebal. B. S, E-mail: prteamkshreeho@gmail.com